നം.എം2/5742/2013/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം, തീയതി 21/2/2013

# വിജ്ഞാപനം

ഡിപ്ലമോ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (അറബിക്, ഉറുദു) കോഴ്സ് പൊതു ക്വാട്ടയിലേക്ക് 2013-2014 അദ്ധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്നതിലേക്കായി നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിക്കുന്നു.

1) **യോഗ്യതകൾ:**

(എ) എസ്സ്.എസ്സ്.എൽ.സി. പരീക്ഷ പാസ്സായിരിക്കണം.

(ബി) അറബിക് ഉറുദു എന്നിവയിലേക്കുള്ള അപേക്ഷകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകി അംഗീകരിച്ച ടൈറ്റിൽ ഇൻ ഓറിയന്റൽ ലേണിംഗ് അഥവാ അഫ്സൽ-ഉൽ-ഉലമ സർട്ടിഫിക്കറ്റോ ആദിബ്-ഐ ഫാസിൽ സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം. (യോഗ്യതാ പരീക്ഷക്ക് 50% മാർക്ക് നേടിയിരിക്കണം. ഉറുദു കോഴ്സിന് ചേരുന്നവർക്ക് യോഗ്യതാ പരീക്ഷക്ക് 50% മാർക്ക് വേണമെന്ന നിബന്ധന ഈ വർഷം കൂടി ഒഴിവാക്കിയിരിക്കുന്നു. ഒ. ബി. സി. വിഭാഗകാർക്ക് 45% മാർക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗകാർക്ക് യോഗ്യതാ പരീക്ഷ വിജയിക്കുകയും ചെയ്താൽ മതി) .

2. **പ്രായപരിധി:**

അപേക്ഷകർക്ക് **01.05.2013**-ൽ **17** വയസ്സ് തികഞ്ഞിരിക്കേണ്ടതും **35** വയസ്സ് തികയാൻ പാടില്ലാത്തതുമാണ്. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായങ്ങൾക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. മിലിട്ടറി സർവ്വീസും അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊടുക്കുന്നതിന് പരിഗണിക്കും. ഇതിന് വിമുക്ത ഭടൻമാർ അതാത് പ്രദേശത്തെ തഹസിൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3) രണ്ടു ശതമാനം സീറ്റ് വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

4) **അപേക്ഷാ ഫീസ്:**

അപേക്ഷകർ 0202-01-102-92 അദർ റസീപ്റ്റ്സ് എന്ന ഹെഡ്ഡിൽ 5 രൂപ. ചെല്ലാൻ അപേക്ഷാ ഫീസിനത്തിൽ അടക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ അപേക്ഷാ ഫീസ് അടക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

5) **അപേക്ഷിക്കേണ്ട വിധം:**

നിശ്ചിത ഫാറത്തിൽ തന്നെ അപേക്ഷിക്കേണ്ടതാണ്. കോളങ്ങൾ ഒഴിവാക്കിയിടാൻ പാടില്ല.

6) അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം:

1) അപേക്ഷാ ഫീസ് അടച്ചതിന്റെ അസ്സൽ ചെല്ലാൻ.
2) എസ്.എസ്.എൽ.സി. യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (യോഗ്യത, ജനന തീയതി, ജാതി ഇവ തെളിയിക്കുന്നതിന്)
3) ഓറിയന്റൽ ടൈറ്റിൽ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
4) വില്ലേജാഫീസർ/തഹസിൽദാരിൽനിന്നും കിട്ടുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (യോഗ്യത പരീക്ഷ കേരളത്തിലെ സ്ഥാപനങ്ങളിൽ നിന്നും പാസ്സാകാത്തവർക്കും എസ്.എസ്.എൽ.സി. ബുക്കിൽ നേറ്റിവിറ്റി രേഖപ്പെടുത്തിയിട്ടില്ലാത്തവർക്കും മാത്രം.)

5) ഓറിയന്റൽ ടൈറ്റിൽ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

6) അപേക്ഷയിൽ മറ്റെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തെളിവിന് രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

7) വികലാംഗരായ അപേക്ഷകർ തെളിവിനായി അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം അയക്കണം.

7. തെരഞ്ഞെടുപ്പു രീതി:

ഓറിയന്റൽ ടൈറ്റിൽ പരീക്ഷക്കു കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണ റൊട്ടേഷന് വിധേയമായിട്ടായിരിക്കും തെരഞ്ഞെടുപ്പു നടത്തുന്നത്.

**8.** ട്രെയിനിംഗ് സെന്ററുകൾ:

ട്രെയിനിംഗ് കോഴ്സുകൾ താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ നടത്തുന്നതാണ്.

സീറ്റ്:

| നം. | ഭാഷ | പൊതു ക്വാട്ട | ഡിപ്പാർട്ടുമെന്റു ക്വാട്ട | സെന്ററുകൾ |
|---|---|---|---|---|
| 1. | അറബിക് | 10 | 10 | ജി.റ്റി.റ്റി.ഐ. കൊല്ലം |
| | അറബിക് | 15 | 15 | ജി.റ്റി.റ്റി.ഐ. മലപ്പുറം |
| | അറബിക് | 15 | 15 | ജി.റ്റി.റ്റി.ഐ. ഫോർ വുമൺ, കോഴിക്കോട് |
| 2. | ഉറുദു | 10 | 10 | ജി.റ്റി.റ്റി.ഐ. , മലപ്പുറം |
| | ഉറുദു | 15 | 15 | ജി.റ്റി.റ്റി.ഐ. ഫോർ വുമൺ. കോഴിക്കോട് |

9. മറ്റു വിവരങ്ങൾ:

ഇളവുകൾക്ക് വിധേയമായി താഴെ പറയുന്ന ഫീസ് കൊടുക്കണം.

എ) ട്യൂഷൻ ഫീസ് 150/- രൂപ (3 തവണ)
ബി) പ്രവേശന ഫീസ് 5/-
സി) ലൈബ്രറി ഫീസ് 5/-
ഡി) ഗെയിംസ് ഫീസ് 5/-
ഇ) സ്റ്റേഷനറി ഫീസ് 5/-

10) ഏതെങ്കിലും കോഴ്സിന് അനുവദിച്ച ആകെ സീറ്റിന്റെ 50% അപേക്ഷകരില്ലെങ്കിൽ പ്രസ്തുത കോഴ്സ് ഈ വർഷം നടത്തുകയില്ല.

11) പൊതു നിബന്ധനകൾ:

1) അപേക്ഷകൾ **31.03.2013** വൈകുന്നേരം **5** മണിക്ക് മുമ്പായി വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ കിട്ടത്തക്ക രീതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം **– 14** എന്ന വിലാസത്തിൽ അയക്കണം. വൈകി കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

2) ശരി പകർപ്പുകൾ, ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഉൾപ്പെടെ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിക്കുന്നതായിരിക്കും.

3) തെരഞ്ഞെടുക്കപ്പെട്ടാൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട സെന്ററിൽ ഹാജരാകണം.

4) പകർപ്പുകൾ അപേക്ഷയോടൊപ്പം തുന്നിക്കെട്ടി അയക്കേണ്ടതാണ്.

5) തെരെഞ്ഞെടുക്കപ്പെട്ടാലും പിന്നീട് അപേക്ഷകളിൽ നൽകിയിരുന്ന വിവരങ്ങൾ തെറ്റാണെന്നു തെളിഞ്ഞാലോ, മതിയായ യോഗ്യത ഇല്ലെന്നു കണ്ടാലോ പ്രവേശനം അസാധുവാക്കുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടെന്നോ, ഇല്ലെന്നോ ഉള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീർപ്പ് അന്തിമമായിരിക്കും. അതിൻമേൽ കത്തിടപാട് നടത്തുന്നതല്ല.

6) സെലക്ഷനെ സംബന്ധിച്ച വ്യക്തികളുമായോ, ഏതെങ്കിലും സംഘടനകളുമായോ പൊതു വിദ്യാഭ്യാസ ഡയറക്ടർ കത്തിടപാട് നടത്തുന്നതല്ല.

7) അപേക്ഷകന്റെ ഒപ്പില്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

# അനുബന്ധം

## 2013–2014 വർഷത്തിലേക്കുള്ള ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്/ഉറുദു) കോഴ്സിനുള്ള (പൊതു ക്വാട്ട) അപേക്ഷ

1. പ്രവേശനം ലഭിക്കാനാഗ്രഹിക്കുന്ന ഭാഷ (അറബിക്/ഉറുദു) :

2. അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും പിൻകോഡും ഉൾപ്പെടെ മലയാളത്തിൽ :

   ഇംഗ്ലീഷിൽ :

3. ജനന തീയതിയും 01-05-2013-ൽ പൂർത്തിയായ വയസ്സും :

4. (എ) ജാതി/മതം :

   (ബി) പട്ടികജാതി/പട്ടികവർഗ്ഗം/ഒ.ബി.സിയാണോ:

5) യോഗ്യത: (എ) പൊതുവിൽ :

   (ബി) ഓറിയന്റൽ ടൈറ്റിൽ (യൂണിവേഴ്സിറ്റിയുടെ പേരും പാസ്സായ വർഷവും. :

   (സി) ആകെ മാർക്കും (ഓറിയന്റൽ ടൈറ്റിലിന് കിട്ടിയത്) ശതമാനവും.

6) മിലിട്ടറി സേവനമുണ്ടെങ്കിൽ അതിന്റെ കാലയളവ് (സർട്ടിഫിക്കറ്റ് സഹിതം) :

7) അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ് (ഉപജില്ലാ / ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും കിട്ടുന്ന സർട്ടിഫിക്കറ്റ്) :

8) അപേക്ഷാ ഫീസ് അടച്ച തീയതിയും നമ്പരും :
   (ട്രഷറിയുടെ പേരും തുകയും) :

9) പഠിക്കാനുദ്ദേശിക്കുന്ന ഇൻസ്റ്റിട്യൂട്ടിന്റെ പേര് (മുൻഗണനാക്രമത്തിൽ)

10) അപേക്ഷകൻ വികലാംഗനാണോ അല്ലയോ എന്ന് (സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

11) ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

അപേക്ഷകന്റെ ഒപ്പ്:

സ്ഥലം :
തീയതി: